**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3146** **01-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 766-ന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോടിനെ മൈസൂരുമായി ബന്ധിപ്പിക്കുന്ന ദേശീയപാത 766 നാലുവരി പാതയാക്കി വികസിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാതയിലെ രാത്രി യാത്രാനിരോധനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോടിനെ മൈസൂരുമായി ബന്ധിപ്പിക്കുന്ന ദേശീയപാത 766 നാലുവരിയാക്കാൻ നിലവിൽ പ്രൊപ്പോസൽ ഇല്ല. എന്നാൽ നിലവിലെ റോഡ് വളവുകൾ നിവർത്തി പേവ്ഡ് ഷോൾഡേഴ്സ് ഉൾപ്പെടുത്തി വീതി കൂട്ടാനുള്ള പ്രൊപ്പോസൽ ഉണ്ട്.<br><br>ഇതുമായി ബന്ധപ്പെട്ട് ദേശീയപാത 766 -ൽ മലാപ്പറമ്പ് മുതൽ പുതുപ്പാടി വരെയുള്ള ഭാഗത്തിന്റെ 3(A) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ എൽ.എ. എസ്റ്റിമേറ്റ് അംഗീകാരത്തിനായി MoRTH -ൽ സമർപ്പിച്ചിട്ടുണ്ട്. ദേശീയപാത 766 ൽ പുതുപ്പാടി മുതൽ മുത്തങ്ങ വരെയുള്ള കോസ്റ്റ് എസ്റ്റിമേറ്റ് അനുമതിക്കായി MoRTH -ൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി കേന്ദ്ര മന്ത്രാലയത്തിന്റെ 214 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.<br><br>ദേശീയപാത ചുരം ഉൾപ്പെടുന്ന ഭാഗം 71.5 കി.മീ. സ്ഥലത്ത് ലാന്റ് അക്വിസിഷൻ നടപടികൾക്കായി 3(എ) നോട്ടിഫൈ ചെയ്തിട്ടുണ്ട്. 3(ഡി) നടപടികൾ പുരോഗമിക്കുന്നു. നിലവിൽ വീതി കുറഞ്ഞ വളവുകൾ വീതി കൂട്ടുന്നതിനുള്ള വനഭൂമി വിട്ടു കിട്ടിയിട്ടുണ്ട്. രാത്രികാല നിരോധന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |
| (ബി) | വയനാട്ടിലേക്കുള്ള പ്രധാന പാതയെന്ന നിലയിൽ താമരശേരി ചുരം റോഡ് വികസിപ്പിക്കുന്നതിനായി നടത്തിവരുന്ന ഇടപെടലുകൾ വിശദമാക്കാമോ; വളവുകളിൽ വീതികൂട്ടുന്നതിനാവശ്യമായ വനഭൂമി വിട്ടുകിട്ടുന്നതിനും കേന്ദ്രാനുമതി നേടുന്നതിനും പൊതുമരാമത്ത് വകുപ്പ് ഇടപെടുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| (സി) | വയനാട് കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ മേപ്പാടി തുരങ്കപാത യാഥാർത്ഥ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | വയനാട് - കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാത പ്രവൃത്തി നടപ്പാക്കുന്നതിനായി KRCL SPV ആയി നിശ്ചയിച്ച് 2043.74 കോടി രൂപയ്ക്ക് ഡി.പി.ആർ തയ്യാറാക്കി ഫോറസ്റ്റ് ക്ലിയറൻസ് അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികളും EIA study എന്നിവയും പുരോഗതിയിലാണ്. ഭൂമി ഏറ്റെടുക്കൽ നടപടികളും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ